# Signing of Concession Agreement for 600 MW Kholongchhu Hydroelectric Project in Bhutan

June 29, 2020

## ഭൂട്ടാനിലെ 600 മെഗാവാട്ട് ഖോലോങ്ചു ജലവൈദ്യുത പദ്ധതിക്കായി ഇളവ് കരാർ ഒപ്പിടുന്നു.

ജൂൺ 29, 2020

ഭൂട്ടാനിലെ 600 മെഗാവാട്ട് ഖോലോങ്ചു ജലവൈദ്യുത പദ്ധതിക്കായുള്ള(സംയുക്ത സംരംഭം) ഇളവ് കരാർ ഭൂട്ടാനിലെ രാജഭരണകൂടവും ഖോലോങ്ചു ഹൈഡ്രോ എനർജി ലിമിറ്റഡും തമ്മിൽ 2020 ജൂൺ 29 ന് തിംഫുവിൽ ഒപ്പുവയ്ച്ചു.ഇതിന് ഇന്ത്യൻ വിദേശകാര്യമന്ത്രി ഡോ: എസ് ജയശങ്കർ, ഭൂട്ടാനിലെ വിദേശകാര്യമന്തിയായ ലിയോൺ പോ ഡോ. തണ്ടി ഡോർജി എന്നിവർ സാക്ഷ്യം വഹിച്ചു.വീഡിയോ കോൺഫറൻസിലൂടെ നടന്ന ചടങ്ങിൽ ഭൂട്ടാൻ ധനകാര്യമന്ത്രി ലിയോൺപോ ഡോ.ലോക്നാഥ് ശർമ്മ, ഇന്ത്യയും ഭൂട്ടാനിലെയും ഫോറിൻ സെക്രട്ടറിമാർ ഉൾപ്പടെയുള്ള ഉന്നത ഭരണ ഉദ്യോഗസ്ഥർ,സെക്രട്ടറി (പവർ ), GoI, ഭൂട്ടാനിലെ ഇന്ത്യൻ അംബാസിഡറും ഇന്ത്യൻ അംബാസിഡറും സന്നിഹിതരായിരുന്നു,

2.ഖോലോങ്ചു നദിയിലെ താഴേക്കുള്ള ഒഴുക്കിൽ കിഴക്കൻ ഭൂട്ടാനിലെ ട്രാഷിയാങ്സെ ജില്ലയിലാണ് ഗതി തിരിച്ചു വിട്ടുകൊണ്ടുള്ള ഈ പ്രോജക്ട് സ്ഥാപിച്ചിട്ടുള്ളത്. നാല് 150 MW ന്റെ ഭൗമാന്തർഭാഗത്തുള്ള ടർബൈനുകളിൽ 95 മീറ്റർ ഉയരത്തിലുള്ള കോൺക്രീറ്റ് ഗ്രാവിറ്റി ഡാമിൽ നിന്നും ജലം പതിക്കുന്നത് പോലെയാണ് ഇത് വിഭാവന ചെയ്തിട്ടുള്ളത്. ഭൂട്ടാനിലെ ദ്രക് ഗ്രീൻ പവർ കോർപറേഷൻ (DGPC) ഇന്ത്യയുടെ സത്ലജ് ജലവൈദ്യുതി നിഗം ലിമിറ്റഡ് (SJVNL) എന്നിവയുടെ സംയുക്ത സംരംഭം എന്ന നിലയിൽ ഖോലോങ്ചു ഹൈഡ്രോ എനർജി ലിമിറ്റഡ് ആണിത് സ്ഥാപിച്ചിട്ടുള്ളത്. ഈ ഇളവ് കരാർ ഒപ്പിടുന്നത് വഴി ഇന്ത്യയുടേയും ഭൂട്ടാന്റെയും സംയുക്ത നേതൃത്വത്തിലുള്ള ആദ്യ ജല വൈദ്യുത പദ്ധതിയുടെ നിർമാണം ആരംഭിക്കുന്നതായിരിക്കും. 2025 രണ്ടാം പകുതിയിൽ പ്രോജക്ട് പൂർത്തിയാകുമെന്നാണ് കരുതപ്പെടുന്നത്.

3. പരസ്പരം ഗുണമേന്മയുള്ള ഉഭയകക്ഷി സാമ്പത്തിക ഉടമ്പടിയുടെ പ്രധാന നെടുന്തോന്നാണ് ജല വൈദ്യത നിറമാനമെന്നു ഇന്ത്യൻ വിദേശകാര്യമന്ത്രിയും ഭൂട്ടാൻ വിദേശകാര്യ മന്ത്രിയും ഊന്നിപ്പറഞ്ഞു. ഇന്ത്യയും ഭൂട്ടാനും തമ്മിൽ പരസ്പര വിശ്വാസത്തിൽ അടിയുറച്ചതും പങ്കുവയ്ക്കുന്ന സാംസ്കാരിക പാരമ്പര്യത്തിലും വ്യക്തിഗത ബന്ധത്തിലും ശക്തിപ്പെടുത്തിയതുമായ പ്രത്യേകത നിറഞ്ഞ സൗഹൃദ ബന്ധത്തിലെ വിശ്വാസവും സഹകരണവും പരസ്പര ബഹുമാനവും അവർ സ്മരിച്ചു.

4. ഇന്ത്യ -ഭൂട്ടാൻ ഉഭയകക്ഷി സഹകരത്തിന്റെ പ്രധാന വിഭാഗമാണ് ജലവൈദ്യുതി. മുൻപ് 2019 ഓഗസ്റ്റിൽ 720 MW ശേഷിയുള്ള മംഗ്ഡെച്ചൂ ജലവൈദ്യുത പദ്ധതി ഇന്ത്യയിലെയും ഭൂട്ടാനിലെയും ബഹുമാന്യരായ പ്രധാനമന്ത്രിമാർ സംയുക്തമായാണ് ഉദ്ഘടനം നിർവഹിച്ചത്.ഇതോടു കൂടി, ഉഭയകക്ഷി സഹകരണത്തിൽ 2100 MW

ശേഷിയുള്ള നാല് (04) ജലവൈദ്യുത പദ്ധതികൾ (336 MW ചുഖ്ഹ HEP, 60 MW കുരിച്ഹു HEP, 1020 MW ടാലാ HEP, 720 MW മംഗദെച്ഹു HEP )ഭൂട്ടാനിൽ പ്രവർത്തനസജ്ജമാകുകയാണ്.

**ന്യൂ ഡൽഹി**
**29 ജൂൺ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.